**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **08-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **പയ്യന്നൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 05.02.2021 ൽ പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോയുമായി M/s.ലീ ബിൽഡേഴ്സ് കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ടി കാലയളവിൽ പൂർത്തിയാകാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കിറ്റ്കോ പ്രവൃത്തി പൂർത്തീകരണ കാലാവധി 05.01.2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br><br>28.06.2022 - ൽ ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം ടി പ്രവൃത്തി 30.01.2023 നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി കിറ്റ്കോയ്ക്ക് അടിയന്തിര നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നു വരുന്നത്.** |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. നിർവ്വഹണ ഘട്ടത്തിൽ പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ ഉറപ്പിനെ സംബന്ധിച്ച് കിറ്റ്കോയ്ക്ക് സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിനും ഡിസൈൻ റിവൈസ് ചെയ്യുന്നതിനും കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺസൾട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കി അംഗീകാരം നേടിയ ശേഷം മാത്രമേ പ്രവൃത്തി തുടരാൻ കഴിയൂ എന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | **ഉണ്ട്. നിർവ്വഹണ ഘട്ടത്തിൽ പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ ഉറപ്പിനെ സംബന്ധിച്ച് കിറ്റ്കോയ്ക്ക് സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിനും ഡിസൈൻ** |

| | | | |
|---|---|---|---|
| | | | **റിവൈസ് ചെയ്യുന്നതിനും കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺസൾട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കി അംഗീകാരം നേടിയ ശേഷം മാത്രമേ പ്രവൃത്തി തുടരാൻ കഴിയൂ എന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്.** |
| (ഡി) | ഇത്തരം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ? | (ഡി) | **ഉണ്ട്. കിഫ്ബി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്.** |

സെക്ഷൻ ഓഫീസർ